പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3432 — 19.06.2019-ലെ മറുപടിക്ക്

# ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നതുകൊണ്ടുള്ള യാത്രാക്ലേശം

ചോദ്യം — ശ്രീ.ടി. വി. ഇബ്രാഹിം

മറുപടി — ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ. ടി.സി. യിൽ ഏതെങ്കിലും ഷെഡ്യൂളുകൾ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര എണ്ണം; ഡിപ്പോ തിരിച്ചുള്ള കണക്ക് നല്കുമോ; | (എ) | ഉണ്ട്. വർഷങ്ങളായി ഓപ്പറേറ്റ് ചെയ്യാതിരുന്നതും, എന്നാൽ കെ.എസ്.ആർ.ടി.സി. യുടെ രേഖകളിൽ ഉള്ളതുമായ 407 ഷെഡ്യൂളുകൾ വിവിധ യൂണിറ്റുകളിൽ നിന്നായി നീക്കം ചെയ്തിട്ടുണ്ട്. ഡിപ്പോ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | പൊതുജനങ്ങളുടെ യാത്രാ ആവശ്യം മാത്രം മുൻനിർത്തിയും ലാഭേച്ഛ ഒഴിവാക്കിയും നിരവധി സർവീസുകൾ നടത്തിയിരുന്ന കെ.എസ്.ആർ. ടി.സി യെ തകർക്കുവാനുള്ള ഇത്തരം നീക്കങ്ങൾ ഒഴിവാക്കുമോ; | (ബി) | കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന കെ.എസ്.ആർ.ടി.സി.യെ കരകയറ്റുന്നതിനായി സമഗ്ര പുനരുദ്ധാരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾക്കും യാത്രക്കാർക്കും തീരെ പ്രയോജനകരമല്ലാത്തതും, കെ.എസ്.ആർ.ടി.സി.ക്ക് പ്രവർത്തന ചെലവ് തുകപോലും ലഭിക്കാത്തതുമായ ചില ഷെഡ്യൂളുകൾ റദ്ദ് ചെയ്യുകയോ, ഭാഗികമായി പുനക്രമീകരിക്കുകയോ ചെയ്തിട്ടുണ്ട്. പുനരുദ്ധാരണ നടപടികളുടെ ഭാഗമായി സ്വീകരിച്ച് വരുന്ന ഇത്തരം പ്രവർത്തനങ്ങൾ ഇപ്പോഴുള്ള സാഹചര്യത്തിൽ ഒഴിവാക്കുവാൻ നിർവ്വാഹമില്ലാത്തതാണ്. |

| | | | |
|---|---|---|---|
| (സി) | ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നതു കൊണ്ട് സർവ്വീസ് നടത്തുന്ന ബസു കളിൽ യാത്രക്കാർ തിക്കിത്തിരുകി പോകുന്നത് കെ.എസ്.ആർ.ടി .സി. യുടെ നടത്തിപ്പ് ചെലവ് കുറക്കുമെന്ന പുതിയ കണ്ടെത്തൽ ഗൗരവമായി കാണുമോ; | (സി) | കെ.എസ്.ആർ.ടി.സി ഷെഡ്യൂളുകൾ വ്യാപകമായി വെട്ടിക്കുറച്ചിട്ടില്ല. യാത്ര ക്കാർക്ക് പ്രയോജനകരമാകുന്ന തരത്തിൽ സമയനിഷ്ഠ പാലിച്ച് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചി ട്ടുണ്ട്. |
| (ഡി) | സർവ്വീസ് നടത്തുന്ന ബസ്സുകളുടെ എണ്ണം കുറച്ച് നടത്തിപ്പ് ചെലവ് കുറയ്ക്കുന്നത് കെ.എസ്.ആർ.ടി.സി. യെ ലാഭത്തിലാക്കുമെങ്കിലും ആത്യ ന്തികമായി സ്വകാര്യ ബസ് ഓപ്പ റേറ്റർമാർക്കും മറ്റ് സ്വകാര്യ ഓട്ടോ, ടാക്സിക്കാർക്കും മാത്രമാണ് സാമ്പ ത്തിക ഗുണമുണ്ടാകുക എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാ മോ? | (ഡി) | യാത്രക്കാർ വളരെയധികം കുറവുള്ള സർവ്വീ സുകളാണ് പുനഃക്രമീകരണം നടത്തിയി ട്ടുള്ളത്. കൂടുതൽ യാത്രക്കാർക്ക് പ്രയോജന കരമാകുന്ന തരത്തിൽ സർവ്വീസുകൾ ക്രമീ കരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

സൗത്ത് സോൺ

അനുബന്ധം

| ക്രമ നം. | യൂണിറ്റ് | വെട്ടിക്കുറച്ച ഷെഡ്യൂളുകളുടെ എണ്ണം |
|---|---|---|
| 1 | ആര്യനാട് | 6 |
| 2 | ആറ്റിങ്ങൽ | 16 |
| 3 | കിളിമാനൂർ | 15 |
| 4 | കണിയാപുരം | 14 |
| 5 | കാട്ടാക്കട | 10 |
| 6 | നെടുമങ്ങാട് | 3 |
| 7 | പേരൂർക്കട | 9 |
| 8 | പാലോട് | 12 |
| 9 | പാപ്പനംകോട് | 21 |
| 10 | പാറശ്ശാല | 2 |
| 11 | തിരുവനന്തപുരം സെൻട്രൽ | 3 |
| 12 | തിരുവനന്തപുരം സിറ്റി | 16 |
| 13 | വെഞ്ഞാറമ്മൂട് | 11 |
| 14 | വികാസ് ഭവൻ | 38 |
| 15 | വെള്ളനാട് | 19 |
| 16 | വെള്ളറട | 5 |
| 17 | വിതുര | 6 |
| 18 | വിഴിഞ്ഞം | 9 |
| 19 | ആര്യങ്കാവ് | 1 |
| 20 | ചടയമംഗലം | 9 |
| 21 | കൊല്ലം | 17 |
| 22 | കരുനാഗപ്പള്ളി | 2 |
| 23 | കണിയാപുരം | 20 |
| 24 | കൊട്ടാരക്കര | 5 |
| 25 | പുനലൂർ | 16 |
| 26 | അടൂർ | 13 |
| 27 | മല്ലപ്പള്ളി | 3 |
| 28 | പന്തളം | 3 |
| 29 | പത്തനംതിട്ട | 19 |
| 30 | തിരുവല്ല | 14 |

[signature]

## നോർത്ത് സോൺ

| ക്രമ നം. | യൂണിറ്റ് | വെട്ടിക്കുറച്ച ഷെഡ്യൂളുകളുടെ എണ്ണം |
|---|---|---|
| 1 | പെരിന്തൽമണ്ണ | 2 |
| 2 | പൊന്നാനി | 3 |
| 3 | കോഴിക്കോട് | 4 |
| 4 | വടകര | 1 |
| 5 | കാഞ്ഞങ്ങാട് | 1 |

## സെൻട്രൽ സോൺ

| ക്രമ നം. | യൂണിറ്റ് | വെട്ടിക്കുറച്ച ഷെഡ്യൂളുകളുടെ എണ്ണം |
|---|---|---|
| 1 | ആലപ്പുഴ | 4 |
| 2 | കോട്ടയം | 16 |
| 3 | വൈക്കം | 5 |
| 4 | പൊൻകുന്നം | 2 |
| 5 | എരുമേലി | 3 |
| 6 | അങ്കമാലി | 4 |
| 7 | പെരുമ്പാവൂർ | 2 |
| 8 | തൊടുപുഴ | 4 |
| 9 | ചാലക്കുടി | 1 |
| 10 | ചേർത്തല | 10 |
| 11 | ചെങ്ങന്നൂർ | 1 |
| 12 | പാല | 5 |
| 13 | കൂത്താട്ടുകുളം | 2 |